അപൂർവ്വം കേസ്സുകളിലേ ഉണ്ടാകുന്നുള്ളൂ. കേരളീയർ കുറേശ്ശെ കുറേശ്ശെ ആ പാതയിലേയ്ക്ക് വരുന്നുണ്ട്. ഈ സ്ത്രീധനത്തിനെതിരായിട്ടുള്ള ഒരു അവയർനെസ് ഉണ്ട്. പരസ്യങ്ങൾ കൊടുക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ

3 (*663) ശ്രീ വി. എൻ. വാസവൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മലബാർ സ്പിന്നിംഗ് മില്ലിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളത് ;

(സി) കോമളപുരത്തുള്ള കേരള സ്പിന്നേഴ്സ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) പുതുതായി സ്പിന്നിംഗ് മില്ലുകൾ തുടങ്ങാൻ കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും, വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, പ്രഭുറാം മിൽസ്, കോട്ടയം ടെക്സ്റ്റൈൽസ് എന്നിവയിൽ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന് 24.03 കോടി രൂപ ചെലവഴിച്ച് മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ട്.

2. ഊർജ്ജ ഉപഭോഗത്തിലും ഭരണ ചെലവുകളിലും കുറവുവരുത്താൻ. നടപടികളെടുത്തിട്ടുണ്ട്.

3. ഉയർന്ന നിലവാരമുള്ള പഞ്ഞി ന്യായമായ വിലയ്ക്ക് ലഭ്യമാക്കാൻ സെൻട്രൈസ്ഡ് കോട്ടൺ പർച്ചേസ് പദ്ധതി നടപ്പിലാക്കിയതിനെത്തുടർന്ന് നൂല് പ്രവർത്തനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെയും സ്പിന്റിൽ കപ്പാസിറ്റി വികസനം നടപ്പാക്കിയിട്ടുണ്ട്.

5. മാനവശേഷി വികസിപ്പിക്കാനും എല്ലാ തരത്തിലുമുള്ള തൊഴിലാളികൾക്കും പരിശീലനം നൽകാനും നടപടികൾ ആയിട്ടുണ്ട്.

6. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ നൂൽ ഉൽപ്പാദനം ഇരട്ടിയാക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മിൽ ആഗസ്റ്റ് 2009 മുതൽ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഇതിനോടകം 98 ശതമാനം ഉൽപ്പാദനം കൈവരിച്ചുകഴിഞ്ഞിരിക്കുകയാണ്.

7. മാർക്കറ്റ് ഇന്റലിജൻസ് കമ്മിറ്റി രൂപീകരിച്ച് മാർക്കറ്റ് റിസർച്ച് നടത്തുകയുണ്ടായി.

8. ഉന്നതതലത്തിൽ അവലോകനങ്ങൾ നടത്തുന്നുണ്ട്.

(ബി) മലബാർ സ്പിന്നിംഗ് മില്ലിൽ താഴെ പറയുന്ന വികസന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്.

ഒന്നാം ഘട്ടം-2003-2006 കാലഘട്ടത്തിലെ ഉപയോഗശൂന്യമായിരുന്ന പഴയ 6,160 സ്പിന്റിൽ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഡിസംബർ 2006-ൽ തുറന്നു പ്രവർത്തിപ്പിച്ചു.

രണ്ടാം ഘട്ടം-പുതുപുത്തൻ സാങ്കേതിക വിദ്യയുള്ളതും ലോകോത്തര നിലവാരമുള്ളതുമായ 10, 638 സ്പിന്റിലുകൾ സമാപിച്ച് 2009 നവംബർ 14-ന് പ്രവർത്തനമാരംഭിച്ചു.

മൂന്നാം ഘട്ടം-5,750 സ്പിന്റിലായി ഉയർത്തി 2010 ആഗസ്റ്റ് 14-ന് ഉത്ഘാടനം നടത്തുവാനാണ് ഇപ്പോൾ തീരുമാനമെടുത്ത് സജ്ജീകരിച്ചിട്ടുള്ളത്.

നാലാം ഘട്ടം-9,216 സ്പിന്റിലുകളും അതിന്റെ അനുബന്ധ യന്ത്ര സാമഗ്രികളുമടങ്ങിയ നാലാംഘട്ട വികസനത്തിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനായി ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടെ മില്ലിന്റെ മൊത്തം കപ്പാസിറ്റി 25, 344 സ്പിന്റിലാകും. അതോടെ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഈ മിൽ കേരളത്തിലെ ഏറ്റവും നല്ല മില്ലായി മാറുന്നതാണ്. ഈ പദ്ധതി 2010 ഡിസംബർ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കോമളപുരത്തുള്ള കേരള സ്പിന്നേഴ്സ് വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ്. ഈ മിൽ പുനരുദ്ധരിക്കാൻ പഴയ മാനേജുമെന്റുമായി നിരവധി തവണ ചർച്ചകൾ നടത്തി പരാജയപ്പെട്ട സാഹചര്യത്തിൽ സർക്കാർ ഒരു ഓർഡിനൻസ് മുഖേന മിൽ ഏറ്റെടുത്ത് ടെക്സ്റ്റൈൽ കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ഈ മില്ലിന്റെ പുനരുദ്ധാരണത്തിനായി 36 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 19 സ്പിന്നിംഗ് പ്രെയിമുകളിൽ 18,240 സ്പിന്റിലുകളുള്ള അതിനൂതന ടെക്സ്റ്റൈൽ മില്ലാണ് നടപ്പിലാക്കുന്നത്. കൂടാതെ ഈ യൂണിറ്റിൽ 30 എയർജറ്റ്വൂമുകളും സമാപിക്കുന്നതാണ്. 95% ഉൽപ്പാദനക്ഷമത പ്രതീക്ഷിക്കുന്ന ഈ യൂണിറ്റിൽ 36 കോടി രൂപയുടെ വിറ്റുവരവ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതീക്ഷിക്കുന്നു. ഈ യൂണിറ്റിന്റെ ശിലാസ്ഥാപനം 2010 ജൂൺ 15-ന് നിർവ്വഹിച്ചു കഴിഞ്ഞു. ഈ പദ്ധതിയുടെ മെഷിനറി വാങ്ങുന്നതിനുള്ള ടെന്റർ നടപടികൾ പൂർത്തിയായിട്ടുണ്ട്. സിവിൽ വർക്കുകൾ ധൃതഗതിയിൽ നടന്നുവരുന്നു. 2010 ഡിസംബർ പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ ഒരു പുതിയ ഓപ്പൺ എൻഡ് സ്പിന്നിംഗ് മിൽ തുടങ്ങുന്നതിനായി 16 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത മില്ലിന്റെ തറക്കല്ലിടീൽ കർമ്മം 2010 ജൂൺ മാസത്തിൽ നിർവ്വഹിക്കുകയുണ്ടായി. 2010 ഡിസംബർ മാസത്തിൽ ഈ പ്രോജക്ട് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. മില്ലിൽ പോളിയെസ്റ്റർ ബ്ലെന്റഡ് നൂലാണ് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ : സർ, കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി എത്ര കോടി രൂപ മുടക്കിയിട്ടുണ്ട്, ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കാമോ ?

ശ്രീ. എം. വിജയകുമാർ : സർ, കോട്ടയം ടെക്സ്റ്റൈൽസിൽ 3.35 കോടി രൂപ മുതൽ മുടക്കി അതിന്റെ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കിവരികയാണ്. അതിന്റെ 90 ശതമാനം പ്രവർത്തനങ്ങളും പൂർത്തിയായി.

ശ്രീ. വി. എൻ. വാസവൻ : സർ, കേന്ദ്ര സർക്കാരിന്റെ എത്ര ടെക്സ്റ്റൈൽ മില്ലുകളാണ് ഇപ്പോൾ കേരളത്തിലുള്ളത്. കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനത്തിനായി എത്ര കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ശ്രീ. എം. വിജയകുമാർ : സർ, കേന്ദ്രസർക്കാരിന്റെ 5 മില്ലുകളാണ് കേരളത്തിലുള്ളത്. ഇതിൽ 4 മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രവർത്തിക്കാതെ കിടക്കുന്നത് കൊല്ലത്തെ പാർവ്വതി മില്ലാണ്. അത് വളരെ പ്രശസ്തമായ ഒരു മില്ലാണ്. അതിപ്പോഴും നിശ്ചലമായി കിടക്കുകയാണ്. അത് കേന്ദ്ര ഗവൺമെന്റ് സഹായിച്ചതാണ്.

ശ്രീ. വി. ജെ. തങ്കപ്പനുവേണ്ടി (ശ്രീ. ആനത്തലവട്ടം ആനന്ദൻ) : സർ, കമ്പനികളുടെ റിസർവ്വ് ഫണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് ഉപയോഗിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ ആലോചിച്ചിട്ടുണ്ടോ ; ടെക്സ്റ്റൈൽ മില്ലുകളുടെ നവീകരണത്തിന് കേന്ദ്ര സഹായം വർദ്ധിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ.

ശ്രീ. എം. വിജയകുമാർ : സർ, നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, നിലവിലുള്ള വ്യവസായങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിൽ പ്രധാനമായും ഇത് ലാഭമുണ്ടാക്കുകയെന്നുള്ള ഒരൊറ്റ ലക്ഷ്യമാണ് ഉണ്ടായിരുന്നത്. വൈവിദ്ധ്യവൽക്കരണത്തിലെ ഒരു പുതിയ ട്രെന്റ് ലാഭമുണ്ടാക്കുന്നതോടൊപ്പംതന്നെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കണമെന്നുകൂടിയുണ്ട്. സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ വൈവിദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

വൽക്കരണത്തിന് ഈ മുഖമുണ്ടോ ; ഈ അർത്ഥത്തിൽ തൃശ്ശൂർ സീതാറാം മിൽ വൈവിദ്ധ്യവൽക്കരിക്കാനും കാര്യക്ഷമമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എം. വിജയകുമാർ : സർ, തൃശ്ശൂരിലെ സീതാറാം മിൽ നവീകരണം നടത്താൻ വേണ്ടി 20 കോടി രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതി തയ്യാറാക്കി അത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. എം. പ്രകാശൻമാസ്റ്റർ : സർ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ഈ ഗവൺമെന്റ് വന്നശേഷം വലിയ സഹായം ലഭ്യമായിട്ടുള്ള സ്ഥാപനമാണ്. അവിടെ നേരത്തെ പിരിഞ്ഞു പോയ 95 തൊഴിലാളികൾക്ക് ഏതാണ്ട് 97 ലക്ഷം രൂപ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ അവിടെ വന്നപ്പോൾ അതിന് കാര്യമായ സഹായം നൽകാമെന്ന് പറഞ്ഞിട്ടുള്ളതാണ്. ഈ ഓണക്കാലത്തെങ്കിലും ഈ കുടിശ്ശിക കൊടുക്കുന്നതിന് സർക്കാർ സഹായം നൽകുമോ ; അതുപോലെതന്നെ ഇന്ന് സ്പിന്നിംഗ് മില്ലുകളെ സംബന്ധിച്ച് പരുത്തി സെൻട്രൈസ്ഡ് പർച്ചേസിലാണ് വാങ്ങുന്നത്. പരുത്തിപ്പാടങ്ങളെത്തന്നെ വേലത്തിനെടുക്കുന്നതോ വിലയ്ക്കെടുക്കുന്നതോ ആണ് കുറേക്കൂടി ലാഭകരമായിട്ടുള്ളത്. അങ്ങനെയൊരു നിലപാട് സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : അത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, മില്ലുകളിൽ മാനേജീരിയൽ സ്റ്റാഫിന് ശമ്പള പരിഷ്ക്കരണം നടത്തിയെങ്കിലും യഥാർത്ഥത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പത്തുമുപ്പത് വർഷക്കാലമായി അവർക്ക് വേതന വർദ്ധനവ് ലഭിച്ചിട്ടില്ല. എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയുമോ ; അടിയന്തിരമായി വേതന വർദ്ധനവ് അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ശ്രീ. എം. വിജയകുമാർ : സർ, അങ്ങ് പറഞ്ഞിട്ടുള്ള പ്രത്യേക കാര്യം പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ദിവാകരൻ : സർ, കേരളത്തിലെ ടെക്സ്റ്റൈൽസിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുകയാണ്. ഈ മില്ലുകളുടെ ഇന്നത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നം സ്കിൽഡ് വേബർ കിട്ടാനില്ല എന്നുള്ളതാണ്. അപ്രന്റീസായിട്ടോ മറ്റോ തൊഴിലാളികളെ പുതുതായി വച്ചാൽ അഞ്ചോ ആറോ മാസം പണിയെടുത്തുകഴിഞ്ഞാൽ അവർ ആ തൊഴിലിൽ നിന്ന് വിട്ടുപോകുകയാണ്. ഇവിടെ എനിക്ക് മുൻപ് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ വേതനത്തിന്റെ പ്രശ്നമാണ് പ്രത്യേകമായിട്ടുള്ളത്. സ്ത്രീകളാണ് ഇപ്പോൾ പുതുതായി നിയമിക്കപ്പെടുന്നത്. ഇക്കാര്യത്തിൻ പുതുതായി വരുന്ന ജീവനക്കാർക്ക് അല്ലെങ്കിൽ അപ്രന്റീസുകൾക്ക് വേതനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ. തമിഴ്നാട്ടിൽ ജീവനക്കാരുടെ വേതനം ഇതിനേക്കാൾ കൂടുതലാണ്. ആ വേതനത്തിലേയ്ക്കെങ്കിലും ഉയർത്താനുള്ള നടപടി കൈക്കൊള്ളുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽത്തന്നെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, ആറ്റിപ്ര പ്രഭുറാം സ്പിന്നിംഗ്മിൽ സ്വകാര്യ മേഖലയിലുള്ളതായിരുന്നു. അത് അടഞ്ഞു കിടന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് ആധുനിക രീതിയിൽ സ്പിന്നിംഗ് മിൽ ആരംഭിക്കാൻ പോകുകയാണ്. നല്ല കാര്യമാണ്. അതേ സന്ദർഭത്തിൽ കായംകുളത്തുള്ള ആറ്റിപ്ര സഹകരണ സ്പിന്നിംഗ് മിൽ സഹകരണ മേഖലയിലാണ്. അത് നഷ്ടത്തിലായതിനെത്തുടർന്ന് അതിന്റെ ആസ്തി വിറ്റഴിച്ചിട്ട് ആ സ്ഥാപനം ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. ഈ സാഹചര്യത്തിൽ ആറ്റിപ്രയിലെ സഹകരണ സ്പിന്നിംഗ് മിൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷൻ ഏറ്റെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കോമളപുരത്തെ കാര്യം പറഞ്ഞു. അങ്ങ് പൂട്ടിയിട്ടിരുന്നതാണ്. അത് ഇപ്പോൾ സർക്കാർ ഒരു ഓർഡിനൻസ് മുഖേന ഏറ്റെടുത്തുകൊണ്ട് പ്രവർത്തനം ആരംഭിക്കുകയാണ്. ആ മാതൃകയിൽ ഇത് സ്വീകരിക്കാനാവില്ലെങ്കിലും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ശ്രീ. ബി. രാഘവൻ : സർ, നൂതനവും ആകർഷണീയവുമായ വസ്ത്രങ്ങളാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിന് അനുസൃതമായ തരത്തിലുള്ള നൂൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. വിജയകുമാർ : നൂലിന്റെ കാര്യം പ്രധാനപ്പെട്ട പ്രശ്നമാണ്. കണ്ണൂരിലെ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ്മില്ലിൽനിന്നുമാണ് കൈത്തറിക്കാവശ്യമായ hank yarn (കൈ നൂൽ) ഉൽപാദിപ്പിക്കാനുള്ള നടപടികൾ നടക്കുന്നത്. ആറ്റിപ്രയിലെ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ നിന്നും റാങ്ക് യാൺ ഉൽപാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടുകൂടി അതിനൊരു പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. ഉമ്മർ : സർ, മറ്റപ്പുറം സ്പിന്നിംഗ് മില്ലിന്റെ മോഡണൈസേഷൻ പരിപാടി എവിടെവരെയായി, ഉടനെ അതിനുവേണ്ട ഫണ്ട് കൈമാറാൻ-കഴിയുമോ, അതിന്റെ പ്രവൃത്തി ഉടനെ ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, പെങ്ങന്നൂരിലെ പ്രഭുറാം മിൽസിൽ ഇപ്പോൾ 17000 സ്പിൻഡിലാണ് പ്രവർത്തിക്കുന്നത്. ഇത് 25000 സ്പിൻഡിലായി വർദ്ധിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യം അവിടെയുണ്ട്. അതു പോലെതന്നെ വിദേശത്തേയ്ക്ക് ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കണമെങ്കിൽ ഈ പ്രഭുറാം മിൽസിൽ ഒരു ഓട്ടോകോൺ സ്ഥാപിക്കണമെന്നത് എല്ലാ തൊഴിലാളികളുടേയും ആവശ്യമാണ്. ആ ആവശ്യം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, പ്രഭുറാം മിൽസിലെ കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, സംസ്ഥാന സർക്കാരിന്റെ ആയാലും കേന്ദ്ര സർക്കാരിന്റെ ആയാലും ടെക്സ്റ്റൈൽ മില്ലുകൾ പലതും ലാഭത്തിലാണെന്ന് പറയാൻ സാധിക്കുകയില്ല. നഷ്ടത്തിലാണ്. ഇപ്പോൾ കാണിക്കുന്ന ഒരു സൈൻ തന്നെ അത് സ്ഥിരമായി നിലനിൽക്കും എന്നൊന്നും പറയാൻ കഴിയില്ല. ഈ

വ്യവസായത്തെ രക്ഷിക്കാൻ മോഡണൈസേഷനും ഡൈവേഴ്സിഫിക്കേഷനുമാണ് ആവശ്യമായിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തിലും സഹകരണത്തിലും വലിയ സഹായങ്ങൾ ചെയ്യുന്ന ഈ കാലയളവിൽ അതിന് വേണ്ടിയുള്ള കേന്ദ്ര സഹായം ആവശ്യപ്പെടാൻ തയ്യാറാകുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കേന്ദ്ര സർക്കാരിന്റെ കീഴിൽത്തന്നെ അഞ്ച് മിൽസുകളുണ്ട്. അതിലൊന്ന് പൂട്ടിയിരിക്കുകയാണ്. അത് തുറക്കേണ്ട കാര്യമുണ്ട്. അതിന് നാം കൂട്ടായി ശ്രമിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി വൈവിധ്യവത്ക്കരണവും ആധുനികവത്ക്കരണവും കൊണ്ടുവരിക എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. വി. ശിവൻകുട്ടി : സർ, തിരുവനന്തപുരത്തെ ഏറ്റവും പഴക്കമുള്ള ഒരു കേന്ദ്രഗവൺമെന്റ് ടെക്സ്റ്റൈൽ സ്ഥാപനമാണ് വിജയമോഹിനി മിൽ. അതിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനുവേണ്ടി എന്തെങ്കിലും നടപടിക്രമങ്ങൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ആരംഭിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. എം. വിജയകുമാർ : സർ, വിജയമോഹിനി മിൽ കേരള ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽവരുന്നതല്ല. അക്കാര്യത്തിൽ സംസ്ഥാന സർക്കാരും വ്യവസായ വകുപ്പും ചേർന്ന് പ്രത്യേകമായി ആലോചിച്ച് നടപടികൾ സ്വീകരിക്കാം. അത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ വരുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ : സർ, കേരള സ്പിന്നേഴ്സ് കോമളപുരം സ്പിന്നിംഗ് മിൽ 2010 ഡിസംബറിൽ കമ്മീഷൻ ചെയ്യുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. ഇവിടെ മാനേജുമെന്റും തൊഴിലാളി സംഘടനകളും ഗവൺമെന്റുമായി ഒരു കരാർ നിലവിലുണ്ട്. അത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ശ്രീ. എം. വിജയകുമാർ : സർ, കോമളപുരം സ്പിന്നിംഗ് മിൽ ഏറ്റെടുക്കൽ സർക്കാരിന്റെ വ്യവസായ രംഗത്തെ നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും പ്രതീകമാണ്. അത് മനസ്സിലാക്കണം. ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ അത് സമയബന്ധിതമായി 2010 ഡിസംബറിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് നടപടി

4 (*664) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളിലൂടെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം ശേഖരിക്കുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly